എ5/25/2020-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 24-03-2020

പ്രേഷിത

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-കോവിഡ് 19 വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന: 23-03-2020-ലെ സ.ഉ.(കൈ) നം 49/2020/ജി എ ഡി നമ്പർ സർക്കാർ ഉത്തരവ്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, മോട്ടോർ വാഹന വകുപ്പിൽ നടപ്പിൽ വരുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 31-03-2020 വരെ അല്ലെങ്കിൽ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയങ്ങൾ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ എന്നിവയുടെ പ്രവർത്തനം താത്ക്കാലികമായി നിർത്തി വയ്ക്കുന്നു:
2. വാഹന രജിസ്ട്രേഷൻ സംബന്ധമായതോ, ലൈസൻസ് സംബന്ധമായതോ ആയ എല്ലാ വിധ ടെസ്റ്റുകളും പരിശോധനകളും താത്ക്കാലികമായി നിർത്തി വയ്ക്കുന്നു.
3. ഈ കാലയളവിൽ കാലതാമസം മൂലം സംജാതമാകുന്ന പിഴകളും, പെനാൽറ്റികളും ഒഴിവാക്കുവാൻ വേണ്ടി സർക്കാർ അനുമതിക്ക് അഭ്യർത്ഥിച്ചിട്ടുണ്ട്.
4. ഓരോ ഓഫീസിലും, പ്രവർത്തന സമയത്ത്, ഓഫീസ് മേധാവിയോടൊപ്പം അദ്ദേഹം ചുമതലപ്പെടുത്തുന്ന ഒന്നോ, രണ്ടോ ഉദ്യോഗസ്ഥർ ഉണ്ടാകുന്നത് അഭികാമ്യമായിരിക്കും. മറ്റുള്ള ഉദ്യോഗസ്ഥർ ഓഫീസ് അധികാരി ആവശ്യപ്പെടുന്നതിനനുസരിച്ച് സേവനത്തിന് തയ്യാറായിരിക്കേണ്ടതാണ്.
5. ഈ കാലയളവിൽ വാഹനിലും, സാരഥിയിലും ലഭ്യമാകുന്ന വാഹന പരിശോധന ഒഴികെയുള്ള ഓൺലൈൻ അപേക്ഷകൾ അവരവരുടെ ഭവനത്തിൽ/താമസസ്ഥലത്ത് ഇരുന്ന് തീർപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ഓഫീസ് മേധാവിയെ ചുമതലപ്പെടുത്തുന്നു.

ഇവർ യാതൊരു തരത്തിലും പൊതുജനങ്ങളുമായോ, അപേക്ഷകരുമായോ ഫോൺ മുഖേനയല്ലാതെ സമ്പർക്കത്തിൽ ഏർപ്പെടുവാൻ പാടില്ല.

6. ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥർക്ക് എത്തുവാൻ പറ്റാത്ത അവസരങ്ങളിൽ പകരമായി ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ/ ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മറ്റ് ഓഫീസുകളിൽ നിന്നോ, എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിന്നോ ചെക്ക്പോസ്റ്റുമായി അടുത്ത് താമസ സൗകര്യമുള്ള ഉദ്യോഗസ്ഥരെ നിയമിച്ച് താത്ക്കാലിക ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

7. ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന നിലവിലെ ആവശ്യങ്ങൾക്ക് മാത്രമായുള്ള ട്രാഫിക് ക്രമീകരണങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

8. **എല്ലാ ഉദ്യോഗസ്ഥരുടെയും ടെലിഫോൺ/മൊബൈൽ ഫോൺ 24 മണിക്കൂറും പ്രവർത്തന സജ്ജമായിരിക്കേണ്ടതാണ്. ഓഫീസ് മേധാവികൾ നിർബന്ധമായും തന്റെ ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥരുടെയും ടെലിഫോൺ/മൊബൈൽ ഫോൺ നമ്പറുകൾ കളക്ട് ചെയ്ത് വയ്ക്കേണ്ടതാണ്.**

9. ദീർഘകാല അവധിയിലല്ലാതെ സ്ഥിരമായി ജോലിയിൽ ഹാജരായിക്കൊണ്ടിരുന്ന ഉദ്യോഗസ്ഥർ ഈ കാലയളവിൽ ഓഫീസിൽ ഹാജരാകുന്നില്ലെങ്കിൽ കൂടിയും പ്രസ്തുത കാലയളവ് അറ്റൻഡൻസായി കണക്കാക്കുന്നതായിരിക്കും.

10. ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും അസ്വസ്ഥതകൾ അനുഭവപ്പെടുന്ന പക്ഷം, പ്രസ്തുത വ്യക്തികൾ നിർബന്ധമായും ഹോം ക്വാറന്റീനിൽ പോകേണ്ടതാണ്.

11. 31-03-2020 വരെ താത്ക്കാലിക രജിസ്ട്രേഷൻ ഉള്ള വാഹനങ്ങൾ 01-04-2020-ന് ശേഷമാണ് സ്ഥിരം രജിസ്ട്രേഷൻ നേടുന്നതെങ്കിൽ കൂടിയും പ്രസ്തുത വാഹനങ്ങൾക്ക് 01-04-2020 മുതൽ നിലവിൽ വരുന്ന പുതിയ നികുതി നിരക്ക് ബാധകമായിരിക്കുന്നതല്ല. ആയതിനാൽ സ്ഥിരം രജിസ്ട്രേഷന് വേണ്ടി ധൃതി കൂട്ടേണ്ടതില്ല.

വിശ്വസ്തതയോടെ

24/3

ട്രാൻസ്പോർട്ട് കമ്മീഷണർ

24/3

24/3/20

24/03/2020